(ബി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഓഫീസുകളിൽ എത്തുന്ന പൊതുജനങ്ങൾക്ക് സെക്ഷനുകളിൽ കയറിയിറങ്ങിയിട്ടുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങൾക്ക് ഫയൽ സംബന്ധമായ വിവരം നൽകുവാനും അപേക്ഷ സ്വീകരിക്കുവാനും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. സെക്രട്ടേറിയറ്റിൽ മൂന്ന് സന്ദർശക സഹായകേന്ദ്രം പ്രവർത്തനമാരംഭിക്കുകയും അതുവഴി പൊതുജനങ്ങളിൽ നിന്ന് അപേക്ഷകൾ സ്വീകരിച്ച് പരാതിക്കാരന് നമ്പർ നൽകുകയും പരാതികൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറുകയും ചെയ്യുന്നുണ്ട്. ഈ കേന്ദ്രങ്ങളിൽ ലഭ്യമായ ഇൻഫർമേഷൻ സിസ്റ്റം ഉപയോഗപ്പെടുത്തി ഫയൽ സംബന്ധമായ വിവരങ്ങൾ മനസ്സിലാക്കാൻ സന്ദർശകർക്ക് സഹായകമാകുന്നുണ്ട്. ആവശ്യമായ സാഹചര്യങ്ങളിൽ ബന്ധപ്പെട്ട സെക്ഷനുകളിൽനിന്നും പരാതിക്കാർക്ക് ആവശ്യമായ വിവരങ്ങൾ ഫോൺ മുഖാന്തിരം ശേഖരിച്ച് നൽകുന്നതോടൊപ്പം ഉത്തരവ് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുന്നു.

(ബി&സി) പൊതുജനങ്ങൾ കൊണ്ടുവരുന്ന പരാതികൾ നടപടികൾക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും പരാതിയിന്മേലുള്ള നടപടി സംബന്ധിച്ച വിവരങ്ങൾ പരാതിക്കാർക്ക് ലഭ്യമാക്കാനും ഫ്രണ്ട് ഓഫീസ് സേവനം കൊണ്ട് ഉദ്ദേശിക്കുന്നു.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള കുറ്റകൃത്യങ്ങൾ

23 (*323) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. സി. കെ സദാശിവൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുറ്റകൃത്യം ചെയ്തവർക്കെതിരെയുള്ള കേസുകളിൽ നിയമപ്രകാരമുള്ള അധികാരം പ്രയോഗിക്കേണ്ടവരെ അതിൽനിന്നും തടയുന്നതായ സംഭവങ്ങൾ ആവർത്തിച്ചുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുമൂലം കുറ്റവാളികൾ ശിക്ഷിക്കപ്പെടാതെ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്ത്രീകൾക്കെതിരായി കുറ്റംചെയ്തതായി ആരോപിക്കപ്പെട്ടവരെ രക്ഷപ്പെടുത്തുവാൻ സഹായിക്കുകയോ ആശ്രയം നൽകുകയോ ചെയ്തതായുള്ള കേസുകൾ ഉണ്ടായിട്ടുണ്ടോ ; ഇത്തരക്കാർക്കുള്ള ശിക്ഷ എന്താണെന്ന് വിശദമാക്കാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് നേരിയ തോതിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാ കുറ്റകൃത്യങ്ങൾക്കെതിരെയും കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പൊതുജനങ്ങൾക്കിടയിലുള്ള കുറ്റകൃത്യങ്ങൾക്കെതിരെയുള്ള അവബോധവും സാക്ഷരതയിൽ മുൻപന്തിയിലായതിനാലും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പോലീസ് സ്റ്റേഷനുകളുടെ ദൂരപരിധി കുറവായതിനാലും സംസ്ഥാനത്തെ ഏതൊരു പോലീസ് ഉദ്യോഗസ്ഥന്റെ മുമ്പിലും ഭയരഹിതമായി പരാതി സമർപ്പിക്കുവാൻ സാധിക്കുന്നതുംമൂലമാണ് ഇത്തരം കേസുകളുടെ എണ്ണത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നേരിയ തോതിൽ വർദ്ധനവ് രേഖപ്പെടുത്തിവരുന്നത്.

(ബി) കുറ്റകൃത്യം ചെയ്യുന്നവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ആവശ്യമായ തെളിവുകൾ ശേഖരിച്ച് നിയമപ്രകാരമുള്ള എല്ലാ നടപടികളും പൂർത്തീകരിച്ച് കുറ്റവാളികൾക്ക് പരമാവധി ശിക്ഷ ലഭ്യമാക്കുന്ന തരത്തിലാണ് കുറ്റപത്രം തയ്യാറാക്കപ്പെടുന്നത്. ഇപ്രകാരം ശരിയായ രീതിയിൽ കേസന്വേഷണം നടത്തുന്നതിലും കുറ്റപത്രം സമർപ്പിക്കുന്ന കാര്യത്തിലും അന്വേഷണ ഉദ്യോഗസ്ഥരെ ആരെങ്കിലും തടയുന്നതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്ത്രീകൾക്കെതിരായി കുറ്റം ചെയ്തതായി ആരോപിക്കപ്പെട്ടവരെ രക്ഷപ്പെടുത്തുവാൻ സഹായിക്കുകയോ ആശ്രയം നൽകുകയോ ചെയ്തതായുള്ള കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇന്ത്യൻ ശിക്ഷാനിയമത്തിലെ 212-ാം വകുപ്പു പ്രകാരം ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്ക് ലഭിച്ചേക്കാവുന്ന ശിക്ഷാ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു :

- മരണശിക്ഷ ലഭിച്ചേക്കാവുന്ന കുറ്റകൃത്യംചെയ്ത പ്രതികളെയാണ് രക്ഷപ്പെടുത്തുന്നതെങ്കിൽ 5 വർഷം തടവും പിഴയും ലഭിച്ചേക്കാം.

LIBRARY ARCHIVES Kerala Legislative Assembly

- ജീവപര്യന്തം തടവുശിക്ഷയോ, 10 വർഷത്തെ തടവോ ലഭിച്ചേക്കാവുന്ന കുറ്റകൃത്യംചെയ്ത പ്രതികളെയാണ് രക്ഷപ്പെടുത്തുന്നതെങ്കിൽ മൂന്നുവർഷം തടവും പിഴയും ലഭിച്ചേക്കാം.

- ഒരു വർഷത്തിനും 10 വർഷത്തിനുമിടയിൽ തടവുശിക്ഷ ലഭിച്ചേക്കാവുന്ന കുറ്റകൃത്യംചെയ്ത പ്രതികളെ രക്ഷിക്കുകയാണെങ്കിൽ ആയതിന് ലഭിക്കാവുന്ന പരമാവധി ശിക്ഷാകാലാവധിയുടെ നാലിലൊന്ന് ഭാഗം ശിക്ഷാതടവും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഇതുകൂടാതെ Criminal Law Amendment Act 2013 പ്രകാരം ഇത്തരം കേസ്സുകളിൽ കർശന നടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്.

പി.എസ്.സി.-യുടെ പ്രവർത്തനങ്ങൾ

24 (*324) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പി. എസ്. സി. യുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തൊഴിലന്വേഷകർക്ക് എത്രയും വേഗം ജോലി നല്കുന്നതിനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം ; വിശദാംശം ലഭ്യമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

പി.എസ്.സി.-യുടെ തെരഞ്ഞെടുപ്പ് പ്രക്രിയകളുടെ പരിഷ്കരണവുമായി ബന്ധപ്പെട്ട് One Time Rėgistration സംവിധാനം ഏർപ്പെടുത്തി. പി.എസ്.സി.യുടെ പരീക്ഷാ രീതികൾ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ പരീക്ഷാ സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഓൺലൈൻ പരീക്ഷ മുഖേന റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ സാധിക്കുമെന്നുമാത്രമല്ല ഭീമമായ പരീക്ഷാ ചെലവ് ഗണ്യമായി കുറയ്ക്കാനും കഴിയും. ഇതിനായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് പരീക്ഷാ കേന്ദ്രനിർമ്മാണം പുരോഗമിച്ചുവരുന്നു.

ജനമൈത്രി പോലീസ്

25 (*325) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. അജിത് :
ശ്രീ. കെ. രാജു :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനമൈത്രി പോലീസ് സംവിധാനം ആരംഭിച്ചത് എന്നു മുതലാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly